പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4977 — 30.06.2014 - ൽ ഇടക്കാല മറുപടി നൽകിയിരുന്നത്

**തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് മുസ്ലീം-ധീവര-എൻ.സി.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.എം. ആരിഫ്** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് മുസ്ലീം-ധീവര-എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; | എ) തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II (NCA-Muslim, Dheevara) തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 28.01.2014 തീയതിയിലാണ്. |
| ബി) പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട് ; | ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 131 പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്. (മുസ്ലീം വിഭാഗത്തിൽപ്പെട്ട 118 പേർക്കും, ധീവര സമുദായത്തിൽപ്പെട്ട 13 പേർക്കും)<br>(ആരോഗ്യ വകുപ്പിൽ -86, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ — 45) |
| സി) അഡ്വൈസ് ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെയും നിയമന ഉത്തരവ് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിയമന ഉത്തരവ് നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ; | സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ശുപാർശ ചെയ്ത 45 പേർക്കും നിയമനം നൽകിയിട്ടുണ്ട്.<br>ആരോഗ്യ വകുപ്പിലേക്ക് ശുപാർശ ചെയ്ത 86 പേർക്ക് നിയമനം നൽകിയിട്ടില്ല.<br>2007 മുതൽ 2011 വരെ തിരുവനന്തപുരം ജില്ലയിൽ നിലനിന്നിരുന്ന സ്റ്റാഫ് നഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് കാലയളവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കാണ് നിലവിൽ മുസ്ലീം-ധീവര വിഭാഗങ്ങൾക്കായി പ്രത്യേക റാങ്ക് ലിസ്റ്റ് പുറപ്പെടുവിച്ചിരിക്കുന്നത്. പ്രസ്തുത കാലഘട്ടത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് |

കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി ആശുപത്രി, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി (കണ്ണാശുപത്രി) തുടങ്ങിയ സ്ഥാപനങ്ങളിലെ സ്റ്റാഫ് നഴ്സുമാരുടേതടക്കമുള്ള വിവിധ തസ്തികകളിലെ നിയന്ത്രണം ആരോഗ്യ വകുപ്പിന് കീഴിലായിരുന്നു. അതിന്റെ ഭാഗമായി, മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സ്റ്റാഫ് നഴ്സുമാരുടെ നിയമനവും സ്ഥലം മാറ്റവുമടക്കമുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറാണ് നടത്തിയിരുന്നത്. മേൽ സൂചിപ്പിച്ച കാലഘട്ടത്തിൽ, ടി ആശുപത്രികളിൽ നിലനിന്നിരുന്ന ഒഴിവുകൾ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ആഫീസർ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ സർക്കാർ തീരുമാനത്തിന്റെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലനിന്നിരുന്ന ഇരട്ട നിയന്ത്രണ സംവിധാനം അവസാനിപ്പിക്കുകയും, വകുപ്പിന് കീഴിലുള്ള തസ്തികകളിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലാക്കുകയും ചെയ്തു. ഈ പ്രക്രിയയുടെ ഭാഗമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് മാറിപ്പോകുവാൻ ആഗ്രഹിക്കുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക്, അതിനുള്ള ഓപ്ഷൻ നൽകുവാൻ അനുവദിക്കുകയും, അപ്രകാരം ഓപ്ഷൻ നൽകിയ ജീവനക്കാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. സംസ്ഥാനാടിസ്ഥാനത്തിലാണ് ഓപ്ഷൻ നൽകുവാൻ അവസരം നൽകിയിരുന്നത്. ആയതിൻ പ്രകാരം,

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജോലിചെയ്തിരുന്ന സ്റ്റാഫ് നഴ്സുമാർക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് മാറുവാൻ അവസരം നൽകിയിരുന്നു. അപ്രകാരം സ്റ്റാഫ് നഴ്സ് തസ്തികയിലെ ജീവനക്കാരുടെ പുനർവിന്യാസം 2010, 2011 വർഷങ്ങളിൽ നടത്തപ്പെട്ടിരുന്നു.

തിരുവനന്തപുരം ജില്ലയിലെ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് ഓപ്ഷൻ നൽകിയ ജീവനക്കാർക്ക് അപ്രകാരം നിയമനം നൽകിയപ്പോൾ, ടി സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നവരും, ആരോഗ്യ വകുപ്പിന് കീഴിൽ തുടരാനാഗ്രഹിച്ചവരുമായ സ്റ്റാഫ് നഴ്സുമാരെ തിരുവനന്തപുരം ജില്ലയിലെ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റി നിയമിക്കേണ്ടതായി വന്നു. അപ്രകാരമുള്ള നിയമനത്തിന് ആവശ്യമായ ഒഴിവുകൾ നിലവിലില്ലാതിരുന്ന പ്രതിസന്ധിഘട്ടത്തിൽ, ജില്ലയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലും, പ്രൊമോഷൻ വഴി ഉണ്ടായവയിലും, റിട്ടയർമെന്റ് ഒഴിവുകളിലും പ്രസ്തുത സ്റ്റാഫ് നഴ്സുമാരെ നിയമിക്കുകയാണുണ്ടായത്. അപ്രകാരം, പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലും സ്റ്റാഫ് നഴ്സുമാർക്ക് നിയമനം നൽകുകയും, പി.എസ്.സി അഡ്വൈസ് ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ ഒഴിവില്ലാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു. റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിയമന ശുപാർശ ചെയ്യാതിരിക്കാൻ പി.എസ്.സി.-യോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും, നിലവിൽ പി.എസ്.സി നിയമന ശുപാർശ നൽകിയ സാഹചര്യ

| | | |
|---|---|---|
| | | ത്തിൽ അവർക്ക് നിയമനം നൽകുവാൻ കഴിയാതെ വന്നിരിക്കുകയാണ്. |
| ഡി | പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ഡി) എന്നത്തേക്ക് നിയമന ഉത്തരവ് നൽകാനാകും എന്ന് വ്യക്തമാക്കമോ ? | സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**